## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3342 — 23.06.2014 ലെ മറുപടിയ്ക്ക്

### സെസ്സ് കേന്ദ്ര സർക്കാർ ഏറ്റെടുക്കണമെന്ന ആവശ്യം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. റ്റി. എൻ. പ്രതാപൻ**<br>**ശ്രീ. എ.റ്റി. ജോർജ്**<br>**ശ്രീ. സണ്ണി ജോസഫ്** | **ശ്രീ. ഉമ്മൻ ചാണ്ടി**<br>**(മുഖ്യമന്ത്രി)** |
| (എ) 'സെസ്സ്' ഏറ്റെടുക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (എ) ഉണ്ട് |
| (ബി) 'സെസ്സ് ' ഏറ്റെടുക്കാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി). സെസ്സ് ഏറ്റെടുക്കാൻ 2013 ഡിസംബർ 19-ാം തീയതിയിലെ കേന്ദ്ര മന്ത്രിസഭ തീരുമാനിച്ചു. ആ തീരുമാനമനുസരിച്ച് 2014 ജനുവരി ഒന്നാം തീയതി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഭൗമമന്ത്രാലയം സെക്രട്ടറിയും സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ് എക്സ് ഒഫിഷ്യോ പ്രിൻസിപ്പൽ സെക്രട്ടറിയും തമ്മിൽ ഇതിനുള്ള ധാരണാപത്രത്തിൽ ഒപ്പു വച്ചു. |
| (സി) ഇതുമൂലം സെസ്സിന്റെ വികസനപ്രവർത്തനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുന്നതെന്ന് വിശദമാക്കുമോ; | (സി) സെസ്സിന്റെ ഗവേഷണ പ്രവർത്തനങ്ങളും നേട്ടങ്ങളും ദേശീയ അന്തർദേശീയ തലത്തിൽ ഉയർത്തുന്നതിനും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള വിവിധ ശാസ്ത്ര സ്ഥാപനങ്ങളുമായി സംയോജിച്ച് പ്രവർത്തിക്കുന്നതിനും അവസരം ലഭിക്കും. വിവിധ തരം അത്യന്താധുനിക ശാസ്ത്ര ഗവേഷണ ഉപകരണങ്ങ ളുടേയും, ഭൗമശാസ്ത്രത്തിൽ അറിവ് നേടിയിട്ടുള്ള കൂടുതൽ ഗവേഷകരു ടേയും മറ്റ് വിദഗ്ദരുടേയും സഹായത്തോടുകൂടി ഭൗമഗവേഷണത്തിൽ കൂടുതൽ പുരോഗതി കൈവരിക്കുവാനും സാധിക്കുമെന്ന് കരുതുന്നു. |

(ഡി) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രസ്തുത സ്ഥാപനത്തിന്റെ വികസന പ്രവർത്തനത്തിന് എന്തുതുകയാണ് ചെലവഴിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഡി) 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് പ്രസ്തുത സ്ഥാപനത്തിന്റെ വികസന പ്രവർത്തനത്തിന് 128.67 കോടി രൂപയാണ് കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുള്ളത്. ആയതിൽ 80.35 കോടി രൂപ ഗവേഷണ പ്രവർത്തനങ്ങൾക്കും ലാബോറട്ടറി നവീകരണത്തിനുമായി നീക്കിവെച്ചിരിക്കുന്നു. ബാക്കി തുക ജീവനക്കാരുടെ ശമ്പളത്തിനും സ്ഥാപനത്തിന്റെ മറ്റാവശ്യങ്ങൾക്കുമായി വകയിരുത്തിയിരിക്കുന്നു.

**സെക്ഷൻ ഓഫീസർ**